this great man is shown by the readiness with which they have given a general holiday in his honour throughout the State. They will gladly welcome any sort of text books which contain any history about his life and his teachings and they will have no sort of objection, provided such text books won't go directly against the teachings and the accepted principles of any other religion in the State. But to attempt and to ask the Government to give a direction that in all the Vernacular books and History books there must compulsorily be the history and life of this great saint is a proposition which the Government cannot accept. Government will have no objection to welcome any text book which come of their own accord containing the life and teachings and history of this great saint but they cannot undertake to give any sort of direction to text book writers to include in their works anything about this great saint. To this extent the Government have to oppose the resolution, for if they don't do that Government apprehend that there may be communal disharmony in the State which they want to avoid. It is only for this reason that the Government oppose that portion of the resolution.

Resolution by leave withdrawn

RESOLUTION No. 22

Placing within the jurisdiction of the Labour Commissioner, the operation of all Labour Laws

മിസ്റ്റർ വി. കെ. കുട്ടി: "നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളുടേയും പ്രവർത്തനങ്ങളും ലേബർ കമ്മീഷണരുടെ അധികാരപരിധിയിൽ പെടുത്തേണമെന്നു് ഈ കൌൺസിൽ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മേണ്ടിനോടപേക്ഷിക്കുന്നു" ഇതാണു് എന്റെ പ്രമേയം. സർ, ഇവിടത്തെ തൊഴിലാളി നിയമങ്ങളും ഒരു പ്രത്യേക വകുപ്പിന്റെ കീഴിലല്ലെന്നുള്ള പരാതി തുടങ്ങീട്ടു വളരെ കാലമായിട്ടുണ്ടു്. തൊഴിലാളി നിയമങ്ങളും ഓരോന്നായി സൃഷ്ടിക്കുവാൻ തുടങ്ങിയതോടുകൂടി ആ നിയമങ്ങളും നടപ്പിൽ വരുത്തുന്നതിനുള്ള അധികാരം ഭിന്നഭിന്ന വകുപ്പുകാരുടെ നല്ലുകയായി. ഈ വ്യവസ്ഥ തൊഴിലാളികൾക്കു പല വിഷമതകളും ഉണ്ടാക്കിക്കൊണ്ടിരുന്നു. അങ്ങിനെ ഇരിക്കുമ്പോഴാണു് ഇവിടത്തെ തൊഴിലാളി സംഘങ്ങളും ഒരു ലേബർ കമ്മീഷണരെ നിയമിച്ചു തരണമെന്നുള്ള അപേക്ഷയുമായി ഗവർമ്മെണ്ടിനെ സമീപിച്ചതു്. ഈ കൌൺസിൽ വഴിയായും തൽസംബന്ധമായി ചില പരിശ്രമങ്ങളും നടത്തീട്ടുണ്ടു്. അതിന്റെയെല്ലാം ഫലമായി ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും ഒരു ലേബർ കമ്മീഷണരെ ദയവായി അനുവദിച്ചു തരികയും ചെയ്തു. പക്ഷെ ഈ കമ്മീഷണരുടെ അധികാരപരിധി വളരെ പരിമിതമാണു്, സങ്കുചിതവുമാണു്; എന്നാല്ല, ഒരു നാമമാത്ര ലേബർ കമ്മീഷണർ കൂടിയാണു് നിലവിലുള്ള കമ്മീഷണരെന്നുകൂടി പറയുന്നതായിരിക്കും അധികം പരമാർത്ഥമായിരിക്കുക. തൊഴിലാളികളുടെ കാര്യങ്ങളിൽ ഇടപെട്ടു് തന്റെ അധികാരം ഉപയോഗിച്ചു് കുഴപ്പം അവസാനിപ്പിക്കുവാൻ കമ്മീഷണർക്കു ശക്തിയില്ല. തൊഴിലാളികളും മുതലാളികളും തമ്മിലുണ്ടാകുന്ന വഴക്കുകളും, അല്ലെങ്കിൽ അഭിപ്രായവ്യത്യാസങ്ങളും പറഞ്ഞു തീർക്കുക, അവരെ വേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട വിധത്തിൽ ഉപദേശിക്കുക എന്നുള്ള ചില അധികാരങ്ങളും മാത്രമാണ് ഇപ്പോൾ ലേബർ കമ്മീഷണർക്കുള്ളത്. ഒരു ഫാക്ടറിയാണെങ്കിൽ ആ ഫാക്ടറിയുടെ മേലുള്ള അധികാരം ഫാക്ടറി ഇൻസ്പെക്ടർക്കോ, ബോയിലർ ഇൻസ്പെക്ടർക്കോ, അല്ലെങ്കിൽ ചീഫ് എൻജിനീയർക്കോ ആയിരിക്കും. തൊഴിലാളികൾക്ക് സംഘടിക്കുവാനുള്ള ഒരു അധികാരം നിയമപരമായി ഗവണ്മെണ്ടിൽനിന്നു കൊടുത്തിട്ടുണ്ട്. അതായത് ട്രെയിഡ് യൂണിയൻ ആക്ട് വ്യവസായ ഡയറക്ടറിൽ നിക്ഷിപ്തമായിരുന്ന ആ അധികാരം ഇപ്പോൾ ലേബർ കമ്മീഷണരിൽ സ്ഥിതിചെയ്യുന്നു. വർക്ക് മെൻസ് കോമ്പൻസേഷൻ ആക്ട് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ കീഴിൽ പോയി. ഇങ്ങിനെ പലരുടേയും നിയന്ത്രണത്തിലാണ് തൊഴിലാളിനിയമങ്ങൾ. തൻമൂലം തങ്ങൾക്കു നിയമങ്ങൾ കിട്ടുവാൻ ഏതുദ്യോഗസ്ഥനെയാണ് സമീപിക്കേണ്ടതെന്നു സാമാന്യേന തൊഴിലാളികൾക്കു നിശ്ചയമേയില്ല. എന്തെങ്കിലും നേരിട്ടപ്പോൾ പറയുവാൻ വളരെ വിഷമമാണ്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു കൊടുക്കേണ്ടതായ അപേക്ഷ ചിലപ്പോൾ ലേബർ കമ്മീഷണർക്കു കൊടുത്തുവെന്നുംവരാം. ലേബർ കമ്മീഷണർക്ക് കൊടുക്കേണ്ടതായ അപേക്ഷ ഫാക്ടറി ഇൻസ്പെക്ടർക്കു കൊടുത്തുവെന്നുംവരാം. ബ്രിട്ടീഷിൻഡ്യയിൽ ലേബർ കമ്മീഷണർക്കു തൊഴിൽശാലകൾ പരിശോധിക്കുന്നതിനും, അവിടത്തെ നടപടിക്രമങ്ങളെപ്പറ്റി വേണ്ടതു ചെയ്യുന്നതിനുമുള്ള അധികാരങ്ങൾ ഉണ്ട്. ഇവിടെയാകട്ടെ അതൊന്നും നടപ്പിൽ വന്നിട്ടില്ല. ഈ ആക്ട് ഇവിടെ വന്നതിനുശേഷമാണ് ലേബർ കമ്മീണരെ നിയമിച്ചതു്. ലേബർ കമ്മീഷണരെ നിയമിച്ചപ്പോൾ എന്റെ പ്രമേയത്തിൽ വിവരിച്ചപോലെയുള്ള അധികാരങ്ങൾ കമ്മീഷണർക്കു വിട്ടുകൊടുത്തു തൊഴിലാളികളുടെ സൌകര്യം വികസിപ്പിക്കാമെന്നു അന്നത്തെ ദിവാൻജി പറഞ്ഞിരുന്നു. നിർഭാഗ്യവശാൽ അതു് സാധിച്ചില്ല. അതുകൊണ്ടാണ് ഞാൻ ഈ റസല്യൂഷൻ ഇവിടെ കൊണ്ടുവന്നതു്. ബഹുമാനപ്പെട്ട സഭയും ഗവണ്മെണ്ടും ഈ പ്രമേയം സ്വീകരിച്ചു തൊഴിലാളി താല്പര്യങ്ങൾക്കു പൂർവ്വാധികമായ പരിരക്ഷ നല്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

Mr. K. M. Ibrahim *(Cranganur):* I second the resolution.

Mr. P. V. Raphael *(Joint Secretary to Government):* The resolution aims at putting all our labour laws under the Labour Commissioner. The labour laws that have been enacted in our State are (1) The Factories Act (2) The Dock Labourers Act (3) The Maternity Benefit Act (4) The Trade Disputes Act (5) The Payment of Wages Act (6) The Workmen's Compensation Act (7) The Trade Unions Act. These are the seven laws that have been enacted in our State and as remarked by the mover of the resolution these laws are administered by different agencies in our State. In the very nature of things it would appear that the object aimed at by this resolution is not practical of achievement because to take only one examble the Workmen's Compensation Act it may not be quite proper to put the Labour Commissioner in charge of this Act which involves a good deal of judicial enquiries and judicial proceedings. The best officer in the opinion of the Government to administer that Act would be the District Magistrate. Of course, the Labour Commissioner can play active part in the administration of these Acts. With the appointment of the Director of Industries and

LIBRARY ARCHIVES Kerala Legislative Assembly

Commerce as Labour Commissioner in our State all questions relating to labour will first be taken to his notice and then it will be for him to move the corresponding authorities so far as these laws are concerned. Practically he will be the officer to co-ordinate between the labourers on the one hand and the officers appointed by the Government to administer these laws on the other.

മിസ്റ്റർ വി. കെ. കുട്ടി : കമ്മീഷണക്ക് അദ്ദേഹം കാണുന്ന കാര്യങ്ങളെപ്പറ്റി decide ചെയ്യുവാനുള്ള അധികാരമുണ്ടോ ?

Mr. P. V. Raphael *(Joint Secretary to Government):* The Protector of Depressed Classes is to administer very many activities with reference to the Depressed Classes. He has to administer land acquisition. He has to administer school matters. You cannot invest him with all the powers. He will receive all these complaints from the Depressed Classes and transmit them to the officers concerned for necessary action. It is this that is contemplated in the appointment of the Labour Commissioner.

I think that this system is now working fairly satisfactorily in our State. The Labour Commissioner is in fact taking to the notice of the various officers the various labour questions and by mutual consultation and discussion come to settlement on these questions.

Government have however taken up this question again and are considering whether it would be possible to invest the Labour Commissioner with the administration of all these laws. They are now considering the question much more seriously and earnestly to see whether the administration of all these Acts can with advantage be bestowed upon the Commissioner. The question is being considered, and in the consideration of the question it is hoped that something better will be done.

Mr. A. V. Moothedan *(Chalakkudi):* Sir, I wish to add a few words after I heard what the Hon'ble Joint Secretary to Government said about the Workmen's Compensation Act. A Labour Commissioner has to be appointed and that person should be a man of judicial training. Quite so. Under the present system, this labour work is a hobby to the Labour Commissioner. His primary work is to function as the Director of Industries. The labour work is tacked on to him as a part-time job or hobby. The labour legislation is a bit technical and requires a lot of study. The commissioner must know what is going on in British India, and the neighbouring Indian States. Then there is an International Labour Office at Geneva, now I think in New York. They are publishing periodical bullettins regarding topics on the general improvement of the conditions of labourers. All these things, he has to study, and study well. The Director of Industries cannot be called upon to

LIBRARY ARCHIVES Kerala Legislative Assembly

study all these literature and then tender proper advice to Government. Therefore my suggestion is to appoint a full time officer entitled "Commissioner of Labour". He should be a person with some judicial training—a member of the Bar with sufficient experience and training.

Mr. V. J. Mathai *(Planters):* Why not Mr. Moothedan himself?

Mr. A. V. Moothedan *(Chalakkudi):* Sir, we are not upon personalities here. I am only making some general remarks, regarding the improvement of the conditions of the labourers. I am not hunting after any appointment. If he is so keen, Mr. Mathai may be appointed, because of his longer standing in the Bar. Though he has given up practice, he has got the necessary legal acumen *(oh, oh!)*. Therefore, he may preferably be appointed as Labour Commissioner.

My humble submission therefore is, for the general improvement of labour it is better to appoint a full-time officer on Rs. 200—300—I can suggest the grade also *(Laughter)*. He should be the man who knows something about the labour conditions here.

Now there are some 12 or 13 registered Trade Unions in this State. In the Tata Trade Union there are about 1,500 members. To give better advice to these unions, it is difficult. In fact I am interested in some of these unions. The Hon'ble Member Mr. Kutty is also interested. But in view of other work, we are not able to devote as much attention to this work, as we would desire.

Mr. K. R. Viswambharan *(Ezhuvas-Talappalli):* You are a part-time labour worker also.

Mr. A. V. Moothedan *(Chalakkudi):* We have got our professional work and because of that we are not able to devote full-time attention to this work. Therefore a Labour Commissioner is necessary in the interests of labourers. I say this, because I have got some experience in the working of trade unions. The labourers' complaint is whenever they put in a petition before the Commissioner, he is not able to come to the spot promptly or take proper steps immediately. That means a lot of suffering. Therefore a part-time officer is not at all useful. With these observations, I support this resolution.

Mr. V. J. Mathai *(Planters):* On a point of information, may I know who looks after the welfare of the estate labourers?

Mr. P. V. Raphael *(Joint Secretary to Government):* The various officers. Even the D. P. H. has got to inspect a few factories.

LIBRARY ARCHIVES Kerala Legislative Assembly

Page 4

മിസ്റ്റർ വി. കെ. കുട്ടി: സർ, ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽ നിന്നുമുള്ള മറുപടി എനിക്കു തികച്ചും തൃപ്തികരമായിട്ടില്ല. എങ്കിലും എനിക്കു ഗവമ്മെണ്ടിൽ വിശ്വാസമുണ്ട്. തൊഴിലാളികളെ സംബന്ധിച്ചു് ഈ രാജ്യത്തു് യാതൊരു നിയമവുമില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിനുശേഷം ഓരോന്നായി അവരുടെ ജീവിതത്തിനാവശ്യമായ നിയമങ്ങളും ഗവമ്മെണ്ടു തന്നെ യാതൊരു പ്രേരണയും കൂടാതെ ഈ കൌൺസിൽ വഴി കൊണ്ടുവരികയും, പാസ്സാക്കുകയും, അതു നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടാണു് എനിക്കു ഗവമ്മെണ്ടിൽ വിശ്വാസമുണ്ടെന്നു പറയുകയുണ്ടായതു്. അങ്ങിനെയുള്ള ഒരു ഗവമ്മെണ്ടിനും തൊഴിലാളികളുടെ ഭാവിയെപ്പറ്റി അന്വേഷിക്കുവാനുള്ള ചുമതലയുണ്ടു്. ഇവിടത്തേയും ബ്രിട്ടീഷു് ഇൻഡ്യയിലേയും ലേബർ കമ്മീഷണർമാരുടെ അധികാരങ്ങളെപ്പറ്റി ഒരു താരതമ്യപഠനം നടത്തേണ്ടതാണു്. അദ്ദേഹത്തിനു് വല്ല അധികാരവും കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ബ്രിട്ടീഷിൻഡ്യയിലെ അധികാരവും കൂടി ഒന്നു പരിശോധിച്ചിട്ടുവേണം.

ഡെപ്യൂട്ടിപ്രസിഡണ്ടു്: ഇപ്പോഴത്തെ ലേബർ കമ്മീഷണക്കുതന്നെ കൂടുതൽ അധികാരം കൊടുത്താൽ മതിയെന്നോ അല്ലെങ്കിൽ ഫുൾടയിം ആയുള്ള ഒരാളുടെ കീഴിലാക്കണമെന്നോ പറയുന്നതു്?

മിസ്റ്റർ വി. കെ. കുട്ടി: ഈ റസല്യൂഷനിൽ ഒരാളുടെ കീഴിൽ കൊടുക്കണമെന്നുമാത്രമെ പറയുന്നുള്ളു. ഞങ്ങളും അതിനെപ്പറ്റി ഗവമ്മെണ്ടിന്റെ അടുത്തു നിവേദനം ചെയ്തപ്പോൾ ഗവമ്മെണ്ടു് പറഞ്ഞതു് ഒരു ഫുൾടയിം ആപ്പീസ്സറെ ഇപ്പോൾ വെക്കുവാൻ നിവൃത്തിയില്ലെന്നാണു്.

ഡെപ്യൂട്ടിപ്രസിഡണ്ടു്: അപ്പോൾ വേറെയൊരു ഡിപ്പാർട്ട്മെൻറുംകൂടി നോക്കുന്ന ആളായാലും വിരോധമില്ലെന്നാണോ പറയുന്നതു്?

മിസ്റ്റർ വി. കെ. കുട്ടി: തൊഴിലാളിനിയമങ്ങളുടെ പ്രവർത്തനങ്ങളൊക്കെ ഒരു ലേബർ കമ്മീഷണരുടെ കീഴിലാക്കണമെന്നാണു് പറയുന്നതു്.

ഡെപ്യൂട്ടിപ്രസിഡണ്ടു്: ഗവമ്മെണ്ടിനു ഒരു ഫുൾടയിം ആപ്പീസ്സറെ ഇതിലേക്കു വെക്കുവാൻ ആലോചനയുള്ളതുപോലെ തോന്നുന്നു.

മിസ്റ്റർ വി. കെ. കുട്ടി: അങ്ങിനെ വെക്കുകയാണെങ്കിൽ വളരെ സന്തോഷമാണു്. അതിനു നിവൃത്തിയില്ലെന്നു ദിവാൻജി പറയുകയുണ്ടായിട്ടുണ്ടു്.

ഡെപ്യൂട്ടിപ്രസിഡണ്ടു്: എന്നാൽ ഇപ്പോഴത്തെ അറേഞ്ചുമെൻറു പ്രകാരം തന്നെയല്ലെ നല്ലതു്?

മിസ്റ്റർ വി. കെ. കുട്ടി: കുറെ അധികാരംകൂടി ഇപ്പോഴത്തെ കമ്മീഷണക്കു കൊടുക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ജോലി അദ്ദേഹത്തിനു വളരെ കൂടുകയാണെങ്കിൽ വേറെ ഒരാളെ ഇതിനു പ്രത്യേകമായി വെച്ചാൽ വളരെ സന്തോഷമായിരിക്കും. ഒരു ലോ ഗ്രാഡ്വെറ്റു് ആയിരുന്നാൽ ഡിസ്ട്രിക്ടുമജിസ്ട്രേട്ടിന്റെ അധികാരത്തിൽ പെടുത്തിയിരിക്കുന്ന കോമ്പൻസേഷൻ ആക്ടു് പ്രകാരമുള്ള നടപടികളെടുക്കുവാൻ വൈഷമ്യമുണ്ടാകയില്ല. ഗവമ്മെണ്ടു് ദയവായി ആലോചിച്ചു ലേബർകമ്മീഷണക്കു കൂടുതൽ അധികാരങ്ങളും നൽകണമെന്നു അപേക്ഷിച്ചുകൊണ്ടു് ഞാൻ എന്റെ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution by leave withdrawn

LIBRARY ARCHIVES Kerala Legislative Assembly